





# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ

# മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം

## സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

ക്രോഢീകരണം സി.എസ്.സന്തോഷ്

# മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം
# പ്രധാന സർക്കാർ ഉത്തരവുകളും സർക്കുലറുകളും

## പൊതു ആവശ്യ ഗ്രാന്റും (General Purpose Grant) മെയ്ന്റനൻസ് ഗ്രാന്റും (Maintenance Grant)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് **പൊതു ആവശ്യ ഗ്രാന്റും (General Purpose Grant) മെയ്ന്റനൻസ് ഗ്രാന്റും (Maintenance Grant)** നൽകുവാനുള്ള രണ്ടാം ധന കാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചതിനെ തുടർന്നാണ് സർക്കാരിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം പൊതു ആവശ്യ ഗ്രാന്റായും 5.5 ശത മാനം മെയ്ന്റനൻസ് ഗ്രാന്റായും അനുവദിക്കുവാൻ തീരുമാനിച്ചത്.

മെയ്ന്റനൻസ് ഗ്രാന്റ് രണ്ടു വിഭാഗങ്ങളിലായാണ് അനുവദിക്കുന്നത്. 1. റോഡുകളുടെ മെയ്ന്റനൻസിന്; 2. തദ്ദേശ സ്ഥാപനങ്ങളുടെ തനത് ആസ്തികളുടേയും അവയ്ക്ക് കൈമാറിക്കിട്ടിയ റോഡ് ഒഴികെയുള്ള ആസ്തികളുടേയും മെയ്ന്റനൻസിന്.

മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു മെയ്ന്റനൻസ് പ്ലാൻ/ആസ്തി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. അതുവരെ ജി.ഒ(എം.എസ്)നം.330/2004/തസ്വഭവ തിയതി 9-12-2004 പ്രകാരമുള്ള മാർഗ്ഗരേഖ പാലി ക്കേണ്ടതാണ്.

മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗത്തിനായി പുറപ്പെടുവിച്ചിട്ടുള്ള പ്രധാന ഉത്തരവു കളിലേയും സർക്കുലറുകളിലേയും നിബന്ധനകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവുകളും നിബന്ധനകളും |
|---|---|
| **I** | **പൊതു ആവശ്യ ഗ്രാന്റും മെയ്ന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ**<br>ജി.ഒ(എം.എസ്)നം.330/2004/തസ്വഭവ തിയതി 9-12-2004 |
| എ | **പൊതു ആവശ്യ ഗ്രാന്റ് (ജി.പി.ജി) വിനിയോഗം** |
| **1.** | • തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന ഏത് ആവശ്യത്തിനും പൊതു ആവശ്യ ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്. |

| | |
|---|---|
| | താഴെ പറയുന്ന ചുമതലപ്പെട്ട ചെലവുകൾക്ക് (Obligatory Expenses) മുൻഗണന നൽകേണ്ടതാണ്. |
| ✓ | കേരള ജല അതോറിറ്റിക്കു നൽകേണ്ട വെള്ളക്കരം. |
| ✓ | വൈദ്യുതി ബോർഡിനു നൽകേണ്ട വൈദ്യുതി ചാർജ്ജ്. |
| ✓ | കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവ. |
| ✓ | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും ടെലഫോൺ ചാർജ്ജ് (സർക്കാർ നിശ്ചയിക്കുന്ന പരിധിക്ക് വിധേയമായി). |
| ✓ | കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ വെള്ളക്കരം/വൈദ്യുതി ചാർജ്ജ് എന്നിവ. |
| ✓ | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ/ഓഫീസുകളുടെ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ ഇന്ധനച്ചെലവ്, മറ്റ് പ്രവർത്തനച്ചെലവ്, മെയ്ന്റനൻസ് ചെലവ് എന്നിവ (സർക്കാർ നിശ്ചയിക്കുന്ന പരിധിക്ക് വിധേയമായി). |
| ✓ | സ്റ്റേഷനറി, പോസ്റ്റേജ് ചെലവുകൾ |
| ✓ | ***കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ 1-10-1995 ന് ശേഷമുള്ള കുടിശ്ശിക അനുവദിക്കാവുന്നതാണ്.***<br>സ.ഉ(എം.എസ്)നം.82/2008/തസ്വഭവ തിയതി 15-03-2008 പ്രകാരം 1-10-1995 ന് മുമ്പുള്ള കുടിശ്ശിക അടയ്ക്കുവാൻ ജി.പി.ജി, എം.ജി എന്നിവ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| **2.** | **പൊതു ആവശ്യ ഗ്രാന്റിനു പുറമേ അധികമായി ചെലവഴിക്കാവുന്ന തുക** |
| • | ആവശ്യമെങ്കിൽ, **ആകെ മെയ്ന്റനൻസ് ഗ്രാന്റിന്റെ (റോഡ് + നോൺ റോഡ്) 10 ശതമാനം** കൂടി മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്.<br>ഈ പരിധിക്ക് വിധേയമായി ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങാവുന്നതാണ്. |

| | |
|---|---|
| | ➡ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 10 ശതമാനം എന്ന പരിധി ബാധകമല്ല. |
| • | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകുന്ന അലോട്ട്മെന്റിന് വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. |
| **ബി** | **മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിനിയോഗം മുൻഗണന** |
| • | ഒന്നാമത്തെ മുൻഗണന ⟶ സ്കൂളുകളുടെ മേൽക്കൂര മാറ്റൽ |
| • | രണ്ടാമത്തെ മുൻഗണന ⟶ മൃഗാശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ ഫർണീച്ചറുകളുടേയും ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണി. |
| • | മൂന്നാമത്തെ മുൻഗണന ⟶ അങ്കണവാടികളുടേയും കൈമാറിക്കിട്ടിയ ഹോസ്റ്റലുകളുടേയും അറ്റകുറ്റപ്പണി. |
| **സി** | **മെയ്ന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗം** |
| • | ഗ്രാമീണ റോഡുകൾ (Village Roads), മറ്റ് ജില്ലാ റോഡുകൾ (Other District Roads) എന്നിങ്ങനെ പൊതുമരാമത്ത് വകുപ്പ് തരം തിരിച്ചിട്ടുള്ള റോഡുകൾക്ക് മാത്രമേ ജില്ലാ പഞ്ചായത്ത് തുക ചെലവഴിക്കാവൂ. |
| • | ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിക്കാം.<br>➢ ബ്ലോക്ക് പഞ്ചായത്തുകൾക്ക് മെയ്ന്റനൻസ് ഗ്രാന്റ്(റോഡ്) വിഹിതം സർക്കാർ അനുവദിക്കുന്നില്ല. |
| • | പുതിയ റോഡുകളുടെ നിർമ്മാണത്തിന് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുവാൻ പാടില്ല. |
| • | കുഴികൾ നികത്തുക, ഉപരിതലം നിരപ്പാക്കുക, ഓടകൾ നിർമ്മിക്കുക, വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുക മുതലായ ആവശ്യങ്ങൾക്ക് മാത്രമേ വിനിയോഗിക്കാവൂ.<br>➢ തുടർ വർഷങ്ങളിൽ ഈ നിബന്ധനയിൽ ഇളവുകൾ ഉണ്ടായിട്ടുണ്ട്. |

| ഡി | മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം – മറ്റ് നിബന്ധനകൾ |
|---|---|
| 1. | സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും ചുമതലയുള്ള ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് ആവശ്യകത വിലയിരുത്തേണ്ടതാണ്. |
| 2. | അടുത്ത മാസം അഞ്ചാം തിയതിക്കകം വിനിയോഗ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കണം. |
| 3. | മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുവാൻ പാടില്ല. |
| 4. | ചെലവ് രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. |

- സ.ഉ(പി)നം.177/2006/ഫിൻ തിയതി 12-04-2006 പ്രകാരം മെയ്ന്റനൻസ് ഗ്രാന്റിനെ **സി വിഭാഗം ഫണ്ട്** എന്നും ജനറൽ പർപ്പസ് ഫണ്ടിനെ **ഡി വിഭാഗം ഫണ്ട്** എന്നും തരം തിരിച്ചിട്ടുണ്ട്.

| | |
|---|---|
| | **മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം**<br>**പ്രധാന ഭേദഗതി ഉത്തരവുകൾ/സർക്കുലറുകൾ** |
| **II** | **സർക്കുലർ നം. 12245/പി1/05/തസ്വഭവ തിയതി 14-03-2005**<br>**മെയ്ന്റനൻസ് ഗ്രാന്റ്(റോഡിതരം) – അധിക ഇനങ്ങൾ**<br>മെയ്ന്റനൻസ് ഗ്രാന്റ്(റോഡിതരം) താഴെ പറയുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. |
| 1 | ചുറ്റുമതിൽ കെട്ടുക. |
| 2 | വൈദ്യുതീകരണം. |
| 3 | മേൽക്കൂര മാറ്റൽ. |
| 4 | ആശുപത്രികൾക്ക് ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുക.<br>➢ സർക്കുലർ നം. 47836/എഫ്.എം/2011/തസ്വഭവ തിയതി 29-12-2011 പ്രകാരം ഒരുപകരണത്തിന് പരമാവധി 25000 രൂപ മാത്രമേ വിനിയോഗിക്കാവൂ എന്ന് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| 5 | കെട്ടിടങ്ങൾക്ക് അനുബന്ധ സൗകര്യങ്ങൾ.<br><br>**ഉദാ.** ടോയ്‌ലറ്റ്, അടുക്കള, സ്റ്റോറേജ് റൂം മുതലായവ. |
| 6 | റോഡ് മെയ്ന്റനൻസിന് വകയിരുത്തിയ വിഹിതം മെറ്റലിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികൾക്കും വിനിയോഗിക്കാവുന്നതാണ്.<br><br>➢ സർക്കുലർ നം. 47836/എഫ്.എം/2011/തസ്വഭവ തിയതി 29-12-2011 കൂടി കാണുക. |

| | |
|---|---|
| **III** | **സർക്കുലർ നം. 49776/പി1/05/തസ്വഭവ തിയതി 30-12-2005**<br>**സ്കൂൾ ഫർണീച്ചർ** |
| ● | വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുടെ കുടിശ്ശിക ഇല്ലാത്ത സ്ഥാപനങ്ങൾക്ക് അവയ്ക്ക് കീഴിലുള്ള **സ്കൂളുകൾക്ക് ഫർണീച്ചർ** വാങ്ങുന്നതിന് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്. |
| ● | കുടിശ്ശികയുള്ള സ്ഥാപനങ്ങൾ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക് മാത്രമേ സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങി നൽകുവാൻ മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുവാൻ പാടുള്ളൂ. |
| **IV** | **സർക്കുലർ നം. 9484/പി1/07/തസ്വഭവ തിയതി 22-03-2007**<br>**സ്കൂൾ ലാബ് ഉപകരണങ്ങൾ** |
| ● | **സ്കൂൾ ലബോറട്ടറികൾക്ക് ഉപകരണം** വാങ്ങാൻ മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാവുന്നതാണ്. |
| **V** | **സർക്കുലർ നം. 60644/ഡിഎ-1/07/തസ്വഭവ തിയതി 26-11-2007**<br>**സ്കൂളുകളിലെ മഴവെള്ള സംഭരണികൾ** |
| ● | **വിദ്യാലയങ്ങളിലെ മഴവെള്ള സംഭരണികളുടെ അറ്റകുറ്റപണികൾ** നടത്തുന്നതിന് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്. |

| | |
|---|---|
| **VI** | **സർക്കുലർ നം. 75326/എഫ്.എം.1/2007/തസ്വഭവ 30–01–2008**<br>**നിയന്ത്രണങ്ങൾ** |
| ● | തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, തെരുവു വിളക്കുകളുടെ മെയ്ന്റനൻസ് തുടങ്ങിയവയുടെ നിർമ്മാണത്തിനും സംരക്ഷണത്തിനും മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്ന നടപടിക്രമം ശരിയല്ല. |
| ● | വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. |
| **VII** | **സ.ഉ(എം.എസ്)നം.82/2008/തസ്വഭവ തിയതി 15–03–2008**<br>**കുടിശ്ശിക** |
| ● | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ചെലവുകളിൽ (Obligatory Expenses) 1–10–1995 ന് മുമ്പുള്ള കുടിശ്ശിക തുക എന്തെങ്കിലും കൊടുത്തു തീർക്കുവാനുണ്ടെങ്കിൽ ആ തുക പൊതു ആവശ്യ ഗ്രാന്റിൽ നിന്നോ, മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നോ കൊടുത്തു തീർക്കാവുന്നതാണ്. |
| **VIII** | **സ.ഉ(പി)നം.1276/2009/ത.സ്വ.ഭ.വ തിയതി 30–05–2009**<br>**കുടിവെള്ള പദ്ധതികളുടെ സംരക്ഷണത്തിനായുള്ള മാർഗ്ഗരേഖ** |
| ● | പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കാൻ മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ് – ഉത്തരവിലെ ഖണ്ഡിക 2.5. |
| ● | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതുവരെയുള്ള നടത്തിപ്പ്, മെയ്ന്റനൻസ് ചെലവുകൾക്ക് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാം – ഉത്തരവിലെ ഖണ്ഡിക 3.4 |
| ● | പൊതു ടാപ്പുകൾ മാത്രമുള്ള കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനും മെയ്ന്റനൻസിനും മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാം (ഗുണഭോക്തൃ സമിതികൾക്ക് സാധിക്കുന്നില്ലെങ്കിൽ) – ഉത്തരവിലെ ഖണ്ഡിക 5. |

| | |
|---|---|
| **IX** | **സർക്കുലർ നം. 5621//എഫ്.എം.1/2009/ തസ്വഭവ തിയതി 21-05-2009**<br>**ലാബുകൾ സ്ഥാപിക്കൽ, ഉപകരണങ്ങൾ വാങ്ങൽ, അറ്റകുറ്റപ്പണി** |
| ● | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പ്രൈമറി/സെക്കണ്ടറി/ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ ഉൾപ്പെടെ **വിവിധ ലാബുകൾ** സ്ഥാപിക്കുന്നതിനും നിലവിലുള്ള ലാബുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. |
| ● | ലാബ് ഉപകരണങ്ങൾ/കൺസ്യൂമബിൾസ് വാങ്ങുക, ഉപകരണങ്ങളുടെ അറ്റകുറ്റപണി നടത്തുക, കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എ.എം.സി പുതുക്കുക മുതലായ ആവശ്യങ്ങൾക്ക് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. |
| ● | ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പുതിയ കെട്ടിടം നിർമ്മിക്കുവാൻ മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുവാൻ പാടില്ല. |
| **X** | **സ.ഉ(എം.എസ്)നം.300/2010/തസ്വഭവ തിയതി 10-12-2010**<br>**അധിക ഇനങ്ങൾ**<br>സ്ഥാപനങ്ങളുടെ പൊതു സേവനം ഗണ്യമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ 25 പുതിയ പ്രവൃത്തികൾക്ക്/ഇനങ്ങൾക്ക് കൂടി മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിക്കാവുന്നതാണ്. |
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ (വിവിധ സ്ഥാപനങ്ങൾക്കായി സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി). |
| 2 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ടോയ്‌ലറ്റുകളുടെ ശുചീകരണത്തിനുള്ള സാധനങ്ങൾ. |
| 3 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ മേൽക്കൂരയിലെ വെള്ളം സംഭരിക്കുന്നത് ഉൾപ്പെടെയുള്ള മഴവെള്ള സംഭരണികളുടെ നിർമ്മാണം. |
| 4 | മൃഗാശുപത്രികൾക്കാവശ്യമായ സാമഗ്രികൾ. |
| 5 | ആശുപത്രികൾക്ക് കട്ടിൽ, കിടക്ക, ടവൽ, ബെഡ്ഷീറ്റ്, മുതലായവ. |

| | |
|---|---|
| 6 | സ്കൂളുകൾ/ അങ്കണവാടികൾ/ ബാലവാടികൾ/ ശിശുമന്ദിരങ്ങൾ/ പ്രീ പ്രൈമറി സ്കൂളുകൾ, ആശുപത്രികൾ, ഐ.ടി.ഐ/ ഐ.ടി.സികൾ, ഹോസ്റ്റലുകൾ, സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനോ, കിണർ കുഴിക്കുന്നതിനോ ഉള്ള ചെലവുകൾ. |
| 7 | സ്കൂളുകളിൽ പെൺകുട്ടികൾക്ക് ഉപയോഗപ്രദമായ ടോയ്‌ലറ്റുകൾ ഉൾപ്പെടെയുള്ള ടോയ്‌ലറ്റുകൾ. |
| 8 | അങ്കണവാടികൾ/ ബാലവാടികൾ/ ശിശുമന്ദിരങ്ങൾ/ പ്രീ പ്രൈമറി സ്കൂളുകൾ എന്നിവിടങ്ങളിലെ ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം. |
| 9 | സ്കൂളുകൾ, ഐ.ടി.ഐ/ഐ.ടി.സികൾ, ടീച്ചർ ട്രെയ്നിംഗ് സ്കൂളുകൾ എന്നിവയുടെ ലാബുകൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും അംഗീകൃത മാനദണ്ഡങ്ങൾ പ്രകാരം വാങ്ങുന്നതിനുള്ള ചെലവ്. |
| 10 | സ്കൂളുകൾ, ഐ.ടി.ഐ/ഐ.ടി.സികൾ, ടീച്ചർ ട്രെയ്നിംഗ് സ്കൂളുകൾ എന്നിവിടങ്ങളിലെ ലാബുകൾക്കാവശ്യമായ ചാർട്ടുകൾ, മാപ്പുകൾ, മാതൃകകൾ മുതലായവ വാങ്ങുന്നതിന്. |
| 11 | സ്കൂളുകൾ, ഐ.ടി.ഐ/ ഐ.ടി.സികൾ, ടീച്ചർ ട്രെയ്നിംഗ് സ്കൂളുകൾ, അങ്കണവാടികൾ/ ബാലവാടികൾ/ ശിശുമന്ദിരങ്ങൾ/ പ്രീ പ്രൈമറി സ്കൂളുകൾ എന്നിവിടങ്ങളിൽ അധ്യാപന സഹായികൾ വാങ്ങുന്നതിന്. |
| 12 | അങ്കണവാടികൾ/ ബാലവാടികൾ/ ശിശുമന്ദിരങ്ങൾ/ പ്രീ പ്രൈമറി സ്കൂളുകൾ എന്നിവിടങ്ങളിൽ സംഗീതം, ചിത്രരചന, പെയ്ന്റിംഗ് മുതലായവയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്. |
| 13 | സ്പെഷ്യൽ സ്കൂളുകൾക്കാവശ്യമായ ഉപകരണങ്ങൾ, സാമഗ്രികൾ വാങ്ങുന്നതിന്. |
| 14 | സ്കൂളുകൾ, ഐ.ടി.ഐ/ഐ.ടി.സികൾ, ഹോസ്റ്റലുകൾ, സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന്. |

| | |
|---|---|
| 15 | സ്കൂളുകൾ, ഐ.ടി.ഐ/ഐ.ടി.സികൾ, ഹോസ്റ്റലുകൾ, സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിൽ ഗെയ്മുകൾക്കും സ്പോർട്സിനും ആവശ്യമായ സാധനങ്ങൾ വാങ്ങൽ. |
| 16 | അങ്കണവാടികൾ/ ബാലവാടികൾ/ ശിശുമന്ദിരങ്ങൾ/ പ്രീ പ്രൈമറി സ്കൂളുകൾ എന്നിവിടങ്ങളിൽ കളിയുപകരണങ്ങൾ വാങ്ങുന്നതിന്. |
| 17 | ഹോസ്റ്റലുകൾ, സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയ്ക്കാവശ്യമായ കിടക്കകൾ, ടവലുകൾ, ബെഡ് ഷീറ്റുകൾ, ഫർണീച്ചർ എന്നിവ വാങ്ങുന്നതിന്. |
| 18 | സ്കൂളുകൾ, ഐ.ടി.ഐ/ഐ.ടി.സികൾ, ടീച്ചർ ട്രെയ്നിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിമാസ ഇന്റർനെറ്റ് ചാർജ്ജ്. |
| 19 | സ്കൂളുകൾ, ഐ.ടി.ഐ/ഐ.ടി.സികൾ, ടീച്ചർ ട്രെയ്നിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്. |
| 20 | സ്കൂളുകൾ, ഐ.ടി.ഐ/ഐ.ടി.സികൾ, ടീച്ചർ ട്രെയ്നിംഗ് സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയുടെ ലാബ് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്. |
| 21 | ആശുപത്രി ഉപകരണങ്ങളുടേയും മെഷിനുകളുടേയും വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്. |
| 22 | സ്കൂളുകൾ, ഹോസ്റ്റലുകൾ, അങ്കണവാടികൾ/ ബാലവാടികൾ/ ശിശുമന്ദിരങ്ങൾ/പ്രീ പ്രൈമറി സ്കൂളുകൾ, സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിൽ സ്റ്റൗ, എൽ.പി.ജി ഉൾപ്പെടെയുള്ള ഇന്ധനവും, അടുക്കള സാമഗ്രികളും, പാത്രങ്ങളും വാങ്ങുന്നതിന്. |
| 23 | പൊതു ശൗചാലയങ്ങളുടേയും കംഫർട്ട് സ്റ്റേഷനുകളുടേയും നിർമ്മാണവും അറ്റകുറ്റപ്പണികളും. |
| 24 | പൊതു കിണറുകളുടെ സംരക്ഷണം. |
| 25 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഫെറികൾ, മത്സ്യബന്ധന കേന്ദ്രങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ. |

| | |
|---|---|
| **XI** | **സർക്കുലർ നം. 22312/ഡി.എ.2/2011/തസ്വഭവ 11-05-2011**<br>**യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി** |
| • | കൊയ്ത്ത്, മെതിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് മെയ്ന്റനൻസ് ജനറൽ പർപ്പസ്, തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. |
| **XII** | **സർക്കുലർ നം. 63384/ഡി.ബി.2/2011/തസ്വഭവ 19-12-2011**<br>**സ്കൂളുകളിൽ ടോയ്ലറ്റ്, ജലലഭ്യത ഉറപ്പാക്കൽ** |
| • | എല്ലാ സ്കൂളുകളിലും ടോയ്ലറ്റ് സൗകര്യവും ശുദ്ധജല ലഭ്യതയും ലഭ്യമാക്കുന്നതിന് മെയ്ന്റനൻസ് ഗ്രാന്റ്(റോഡിതരം) ഉപയോഗിക്കാവുന്നതാണ്.<br>➢ സംരക്ഷണ ഗ്രാന്റ് ലഭ്യമല്ലെങ്കിൽ വികസന ഫണ്ട് മേഖലാവിഭജനത്തിന് അതീതമായി ഉപയോഗിക്കാവുന്നതാണ്. |

| | |
|---|---|
| **XIII** | **സർക്കുലർ നം. 47836/എഫ്.എം/2011/തസ്വഭവ തിയതി 29-12-2011**<br>(സർക്കുലർ നം. 12245/പി1/05/തസ്വഭവ തിയതി 14-03-05 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയ്ക്കുള്ള അധിക വിശദീകരണം)<br>**റോഡ് സോളിംഗ് പ്രവൃത്തി** |
| • | • റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ചുള്ള പുനരുദ്ധാരണ പ്രവൃത്തികളിൽ അവശ്യഘട്ടങ്ങളിൽ മാത്രം സോളിംഗ് എന്ന ഇനം കൂടി ഉൾപ്പെടുത്താവുന്നതാണ്.<br>• പഴയ റോഡുകളിൽ സോളിംഗ് ആവശ്യമായി വരുന്ന ഭാഗത്ത് മാത്രം സോളിംഗ് അനുവദിക്കാവുന്നതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| **XIV** | **സർക്കുലർ നം. 68228/എഫ്.എം.1/2012/തസ്വഭവ 28-11-2012**<br>**മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ്** |
| • | റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനു ശേഷവും റോഡ് മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. |

| | |
|---|---|
| • | റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുക്കേണ്ടതാണ്. |

| | |
|---|---|
| **XV** | **പതിമൂന്നാം പദ്ധതിയും മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗവും** |
| | പതിമൂന്നാം പദ്ധതിയുടെ 2017–18 വർഷത്തേയും 2018–19 വർഷം മുതൽക്കുള്ള കാലയളവുകളിലേക്കുമുള്ള പദ്ധതി മാർഗ്ഗരേഖകളിൽ ആസ്തി സംരക്ഷണ പദ്ധതി എന്ന ഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖകളിലെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു. |
| | **2017–18 വർഷത്തെ പദ്ധതി മാർഗ്ഗരേഖകൾ**<br>• ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾക്ക്<br>→ ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29–03–2017 ലെ ഖണ്ഡിക 13.6<br>• മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും<br>→ ജി.ഒ(എം.എസ്)നം.79/2017/തസ്വഭവ തിയതി 03–04–2017 ലെ ഖണ്ഡിക 13.6<br>**2018–19 മുതൽ പതിമൂന്നാം പദ്ധതിയുടെ തുടർ വർഷങ്ങളിലേക്കുള്ള പദ്ധതി മാർഗ്ഗരേഖകൾ**<br>• ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾക്ക്<br>→ ജി.ഒ(കൈ)നം.11/2018/തസ്വഭവ തിയതി 29–01–2018 ലെ ഖണ്ഡിക 6.7<br>• മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും<br>→ ജി.ഒ(കൈ)നം.17/2018/തസ്വഭവ തിയതി 02–02–2018 ലെ ഖണ്ഡിക 13.6 |

## ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan)

### പദ്ധതി മാർഗ്ഗരേഖകളിലെ നിബന്ധനകൾ

- റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കേണ്ടതാണ്.
- മെയ്ന്റനൻസ് ഫണ്ടും; ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്താവുന്നതാണ്.

---

- സേവനം മെച്ചപ്പെടുത്തുന്നതിനും, നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

→ **ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണ്.**

---

- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം.

---

- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി റോഡിതര മെയ്ന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകളാണ് തയ്യാറാക്കേണ്ടത്.

---

- ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കു പുറമേ സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുക, സ്ഥാപനങ്ങൾ മുഖേന പ്രദാനം ചെയ്യുന്ന സേവനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള സാധന സാമഗ്രികളും ഉപകരണങ്ങളും വാങ്ങുക എന്നിവയ്ക്കായി റോഡിതര മെയ്ന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| | • റോഡിതര മെയ്ന്റനൻസ് ഫണ്ടിന്റെ ഉപയോഗത്തിൽ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകണം. |
| | • ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുക, അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ടോയ്‌ലറ്റുകൾ നിർമ്മിക്കുക, മോർച്ചറി സൗകര്യം മെച്ച പ്പെടുത്തുക, ഫർണീച്ചറുകളും കമ്പ്യൂട്ടറുകളും വാങ്ങുക മുതലായവയ്ക്ക് റോഡിതര മെയ്ന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. |
| | • പൊതു സ്ഥാപനങ്ങളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണത്തിന് റോഡിതര മെയ്ന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. |
| | **പൊതു നിബന്ധനകൾ** |
| | • ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുമ്പോൾ മെയ്ന്റനൻസ് ഗ്രാന്റ് വിനി യോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ദേശങ്ങൾ പാലിക്കണം. |
| | ✓ ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. യോഗത്തിൽ അംഗീകരിച്ച പ്രൊജക്റ്റുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. |
| | • സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പ്രൊജക്റ്റ് അധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് പൂർത്തിയാകത്തക്കവിധത്തിൽ പ്രൊജക്റ്റ് നിർവ്വഹണം ക്രമീകരിക്കണം. |
| **XVI** | **സർക്കുലർ നം. ഡി.എ–11032/2017/തസ്വഭവ തിയതി 06–01–2018** |
| • | സ.ഉ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03–04–2017 പ്രകാരം പുറപ്പെടുവിച്ച 2017–18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 29 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് തനത്ഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ ഉപയോഗിക്കാവുന്നതാണ്. |

| | |
|---|---|
| | നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പ്രസ്തുത ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്. |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണം ലക്ഷ്യമിട്ട് അനുവദിക്കുന്ന മെയ്ന്റനൻസ് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധിക്കണമെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- മേൽ സൂചിപ്പിച്ച ഉത്തരവുകളുടെ/സർക്കുലറുകളുടെ അസ്സൽ കൂടി പരിശോധിച്ച് കൃത്യത ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഈ വിഷയത്തിന്മേൽ സർക്കാർ പുറപ്പെടുവിക്കുന്ന തുടർ നിർദ്ദേശങ്ങൾ പരിശോധിക്കുവാനും അറിവ് കാലികമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ക്രോഡീകരണം

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
cscholayilttm@gmail.com
9447594110

സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയത്

പാലക്കാട്,

13-06-2018

കുറിപ്പുകൾ